Sri. K. P. Nielakanta Pillai: May I know, Sir, what was the amount which the Government got by the disposal of those cases?

ശ്രീ. എ. ജെ. ജാൺ: ഒവ്, ൻവ്ൻ ശ്രപാ ഒ ച. ര കാര്യ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കമ്മീഷൻ വരുന്നതിൻ മുൻപ് ഈ കേസു തുരായിരുന്നു നോക്കിയിരുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതുവരെ തുരും നോക്കുന്നില്ലായിരുന്നു.

നെല്ലുവിളവു നഷ്ടം

* ൭൫. (ര) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യകാര്യ്മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ വിളവെടുപ്പിൽ ഉണക്കുമൂലം നെല്ലിൻെറ വിളവിൽ നേരിട്ടിട്ടുള്ള നഷ്ടം എത്രയാണെന്നു ഗവണ്മെൻറു കണക്കാക്കിയിട്ടുണ്ടോ;

(ബി) വിളവു നഷ്ടപ്പെട്ട നെൽകൃഷിക്കാർക്കു് ഉണക്കുബാധിച്ചു നിലങ്ങളുടെ നികുതി ഇളവു ചെയ്തുകൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ;

(സി) മദ്രാസ് പ്രവിശ്യയിൽ ഉണക്കുമൂലം കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്കു നികുതി ഇളവുചെയ്തുകൊടുക്കേണ്ട സംഗതി ആ ഗവണ്മെൻറു് ആലോചനാവിഷയമാക്കിയിട്ടുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കണക്കാക്കിയിട്ടില്ല.

(ബി) ചിറയ്ൻകീഴ് താലൂക്കിൽ നിന്നു മാത്രം ഇതു അവസ്ഥയെപ്പറ്റി റിപ്പോർട്ടു വന്നിട്ടുണ്ടു്.

(സി) ഗവണ്മെൻറിനറിവില്ല.

ശ്രീ. പി. നാണു: ഈ ചോദ്യം ഉണക്കുമൂലം വിളവു നഷ്ടപ്പെട്ട കൃഷിക്കാർക്കും ഇളവു ചെയ്തു കൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറാലോചിക്കുന്നുണ്ടോ എന്നാണു്. അതിനു മറുപടി പറഞ്ഞിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റി അപേക്ഷ വന്നിട്ടു് റിപ്പോർട്ടിനു അയക്കയുണ്ടായിട്ടുണ്ടു്. എന്നാൽ ചിറയ്ൻകീഴ് താലൂക്കിൽനിന്നു മാത്രം റിപ്പോർട്ടു വന്നിട്ടുണ്ടു്.

ശ്രീ. പി. നാണു: ചിറയ്ൻകീഴ് താലൂക്കിൽനിന്നും മാത്രം റിപ്പോർട്ടു വന്നതു് അവിടെ മാത്രം ഉണക്കുകൊണ്ടു കൃഷി നഷ്ടപ്പെട്ടിട്ടുള്ളതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു സംബന്ധിച്ചു് അപേക്ഷകിട്ടിയിട്ടുള്ളതു് റിപ്പോർട്ടിനയച്ചിട്ടുണ്ടെന്നേ പറഞ്ഞുള്ളു. അതു് കീഴുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടനുസരിച്ചും നഷ്ടമുള്ളവരുടെ ആവലാതി അനുസരിച്ചും ആണു് ഗവണ്മെൻറു ചെയ്യുന്നതു്. ഗവണ്മെൻറു് അങ്ങോട്ടു വാളൻറിയർ ചെയ്തു ഇളവുചെയ്തുകൊടുക്കുന്നകാര്യ്ം ആലോചിച്ചിട്ടില്ല.

ശ്രീ. പി. നാണു: ഈ അപേക്ഷകരും അയക്കേണ്ടതു് ഇൻഡിവിഡുവലായിട്ടാണോ അതോ എല്ലാംകൂടി ഒന്നിച്ചു് അയച്ചാൽ മതിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടുന്ന അപേക്ഷകരും എല്ലാംകൂടി റിപ്പോർട്ടിനായി അയച്ചു് അന്വേഷണം നടത്തി നികുതി ഇളവുചെയ്തു കൊടുക്കണമെന്നു ബോദ്ധ്യപ്പെടുകയാണെങ്കിൽ അതിനുവേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. പി. നാണു: എത്രാനും സ്ഥലങ്ങളിൽ ഉണക്കുമൂലം കൃഷി നഷ്ടപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെൻറിനു ഇതുവരെ ബോദ്ധ്യമായിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ചില രൂപകം ഒക്കെയുണ്ടു്. അതനുസരിച്ചു പ്രവർത്തിച്ചാൽ പരിഹാരം കൊടുക്കണമെന്നുള്ള കാര്യ്ങ്ങളൊക്കെ കൊടുക്കുന്നതാണു്.

*Printed serially in the proceeedings, although the question was answered only at the end of the question hour.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഡീവർ : ചിറയ്ക്കൽ താലൂക്കിൽനിന്നും റിപ്പോർട്ട് വന്നിട്ടുണ്ടെന്നു പറഞ്ഞു. എന്നാൽ അതനുസരിച്ച് ഇളവു ചെയ്ത് കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുവരികയാണ്.

കൊതുകുശല്യനിവാരണം

*൭൩൬. (൪) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് സാനിട്ടറി ഡിപ്പാർട്ടുമെണ്ടിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുനിസിപ്പാലിറ്റികളിലെ സാനിട്ടേഷൻ സംഗതി സാനിട്ടറി ഡിപ്പാർട്ടുമെണ്ടു് ശ്രദ്ധിക്കുന്നുണ്ടോ;

(ബി) ഈ കൊല്ലം മൻകൂട്ടി തുടങ്ങിയിരിക്കുന്ന വേനൽമൂലം കൊതുകുശല്യം പല മുനിസിപ്പാലിറ്റികളിലും വളരെ കൂടുതലായിട്ടുണ്ടോ എന്നു ഗവണ്മെണ്ടിൽനിന്നും അന്വേഷിച്ചു മറുപടി പറയുമോ;

(സി) കൊതുകുശല്യം മുനിസിപ്പാലിറ്റികളിലുണ്ടാകാതിരിക്കാൻ സാനിട്ടറി ഡിപ്പാർട്ടുമെണ്ടിൽനിന്നും എന്തെങ്കിലും ചെയ്യുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ:

(എ) മുനിസിപ്പാലിറ്റികളിലെ സാനിട്ടേഷൻ സംഗതികളും ശ്രദ്ധിക്കുന്നതു് അതാതു് മുനിസിപ്പാലിറ്റികളിലെ സാനിട്ടറി സ്റ്റാഫാണു്.

(ബി) ചില മുനിസിപ്പാലിറ്റികളിൽ കൊതുകുശല്യം കുറച്ചു വർദ്ധിച്ചിട്ടുണ്ടു്.

(സി) ഉവ്വു്.

ശ്രീ. പി. നാണു: സാനിട്ടേഷൻ ജോലികളും നിർവ്വഹിക്കുവാൻ തക്ക ധനശേഷിയില്ലാത്ത ചെറിയ മുനിസിപ്പാലിറ്റികളുടെ സാനിട്ടേഷൻ സംബന്ധിച്ചുള്ള ചെലവെങ്കിലും സാനിട്ടറി ഡിപ്പാർട്ടുമെണ്ടു് വഹിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോഴത്തെ സ്കീമിൽ അങ്ങനെ ചെയ്യുവാൻ വ്യവസ്ഥയില്ല.

ശ്രീ. പി. നാണു: വർദ്ധിച്ചുവരുന്ന ഈ കൊതുകുശല്യം ശമിപ്പിക്കുന്നതിനുള്ള മുഴുവൻ ചെലവും ഗവണ്മെണ്ടിനു ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: കൊതുകുശല്യം രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും ഉണ്ടു്. ഇതെല്ലാം ശമിപ്പിക്കുന്നതിനു തല്ക്കാലം ഗവണ്മെണ്ടിനെകൊണ്ടു് വിഷമമാണു്. ഇപ്പോൾതന്നെ മുനിസിപ്പാലിറ്റികളിൽ നടത്തുന്ന സാനിട്ടേഷൻ ജോലികൾക്കു അൻപതു ശതമാനം ചെലവു ഗവണ്മെണ്ടു് നൽകുന്നുണ്ടു്.

ശ്രീ. പി. നാണു: സാനിട്ടേഷൻ സംബന്ധിച്ചുണ്ടാകുന്ന ചെലവിന്റെ അൻപതു ശതമാനം ഗവണ്മെണ്ടു് നൽകുന്നുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതിന്റെ വിവരങ്ങൾ ഞാൻ വായിക്കാം.

"*Ernakulam, Mattancheri and Trichur.*—Anti-mosquito measures are being done by the respective Municipalities, the Public Health Department contributing 50 per cent of the expenditure. In Trichur the work was started only on 1st Kumbham 1124.

Kottayam.—The work consists of oiling all permanent and temporary larval breeding places, once in a week, under the supervision of the Public Health Departments on a half contribution basis.

Alleppey and Quilon.—The main items of work are oiling the breeding places and pistia clearance. The work is done on a half contribution basis under the direct control and supervision of the Public Health Department.

Trivandrum Corporation.—Mosquito control work is under the direct control of the Corporation Health Officer, the Public Health Department contributing 50 per cent of the expenditure.

Neyyattinkara.—Oiling of breeding places and stocking a variety of larvididal fish in wells are the chief operations. The work is done under the control of the Public Health Department on half contribution basis.

Nagercoil.—The Public Health Department is giving a grant of Rs. 600 to the Municipality for anti-mosquito operations."

LIBRARY ARCHIVES Kerala Legislative Assembly